# LITTLE KITES UNIT

# G H S S NEDUNGOLAM

# RHYTHM 2018-19



# മാധ്യമങ്ങളും ആവിഷ്കാരസ്വാതന്ത്ര്യവും

ഇന്ന് നമ്മുടെ നാട്ടിൽ എല്ലാവരും മാധ്യമങ്ങൾ ഉപയോഗിക്കുന്നു.അതുകൊണ്ടുതന്നെ ആശയവിനിമയം എളുപ്പത്തിൽ നടക്കുന്നു.പണ്ടുകാലത്ത് ദൂരപ്രദേശത്തു നിൽക്കുന്ന ആൾക്ക് നാട്ടിലുള്ള ബന്ധുക്കൾക്ക് സന്ദേശമയക്കാൻ പക്ഷികളെയാണ് ഉപയോഗിച്ചിരുന്നത്.കൂടുതലായും പ്രാവുകളെയാണ് ഉപയോഗിച്ചിരുന്നത്.പിന്നീട് അത് കത്ത് ആയി മാറി.ഓരോ തലമുറ കഴിയും തോറും ഓരോ ക്രമങ്ങളും പുരോഗമിച്ചുകൊണ്ടിരിക്കുന്നു.അതിൽ കത്തും ഉൾക്കൊണ്ടിരിക്കുന്നു.പണ്ടുകാലത്ത് സന്ദേശം കൈമാറി വരാൻ ഒരു മാസം,കാലതാമസം,ആഴ്ച്ച എടുക്കുമായിരുന്നു.

എന്നാൽ ഇന്ന് മൊബൈൽ ഫോണിൻെറ വരവോടെ ഓരോ സെക്കൻറിലും സന്ദേശം മൊബൈൽ മുഖേന കൈമാറാം.

പണ്ട് സന്ദേശം കത്തായിരുന്നു.ഇന്ന് അത് ആരും എഴുതാറില്ല.ഓരോ തലമുറ വരും തോറും പുതിയ പുതിയ കണ്ടുപിടുത്തങ്ങൾ ഉണ്ടാവാൻ തുടങ്ങി.പത്രങ്ങൾ വഴി നാട്ടു വിശേഷവും ലോക വിശേഷവും അറിഞ്ഞവർ ഇന്ന് യൂറ്റൂബും ഇൻററ്നെറ്റും അമിതമായി ഉപയോഗിക്കുന്നു.കൊച്ചുകുട്ടികൾ പോലും കൂട്ടുക്കാരോട് കൂടി കലിക്കാതെ ഫോണിലും കംബ്യൂട്ടറിലുമായി ആ വഴിയിലേക്ക് പോകുന്നു.അച്ഛനമ്മമാർ തൻെറ മക്കൾക്ക് ആഹാരം പോലും വേണ്ടവിതത്തിൽ കൊടുക്കാതെ ആ സമയം കൂടി ഫോണിൽ കളിക്കുന്നു.

– സാന്ദ്രാ

# BLINKING BEAUTY

Flowering the beauty of love
In the courtyard of sky
Neither far nor near
They are in the midst of galaxy
Hearing the melodious notes of nightingale
I woke up from my colourful dreams
By seeing me blinking their eyes.

– Deepa

# BEAUTIFUL FLOWERS

Teachers are beautiful flowers

That bloom in the garden of love

They are fairies of knowledge

Who advice and guide us

Teachers are wiser than us

They love,scold and cajole

Because they always love us

- soumya sajeev

# A PICTURE RELATED TO FLOOD



# FRIENDSHIP

Friendship is the priceless gift
It cannot be bought or sold
God give me that gift
A friend like an angel
Whose mind is filled with love
As gentle as a wind
As charming as a rose
As sweet as honey
She is always in my heart and mind

–Anjana

# *THE MOST WONDERFUL GIFT FROM GOD*

God has given us
beautiful parents
we are very thankful to god
they look after us
with so pleasure
they are giving us
most beautiful things that
we wanted
they beat us but
it is for our goodness
we are lucky to receive
these wonderful parents.

– Anandhu

## *OBESITY  CAUSES AND REMEDIES*

obesity means over fat or unhealthy fat. The cause of obesity is overeating food. Now a days we can see  that people are fast foods,which has lost its  vitamins and minerals .The remedy for it is to do exercises .doctors are recommending the persons to do exercise at least twice a day to decrease obesity

– Anandhan

# എൻെറ യാത്രാ കുറിപ്പ്

**അന്നൊരു ഞായറാഴ്ചയായിരുന്നു. ഞാനും എൻെറ അനുജത്തിയും അച്ഛനും അമ്മയും കൂടി രാവിലെ മൃഗശാല കാണാൻ തിരുവനന്തപുരത്തു പോയി. രാവിലെ വീട്ടിൽ നിന്നും പ്രാതൽ കഴിച്ചുകൊണ്ടാണ് പോയത്. അവിടെ ചെന്നപ്പോൾ അവധി ദിവസമായതുകൊണ്ട് നല്ല തിരക്കായിരുന്നു. ടിക്കറ്റ് കൗണ്ടറിൽ ക്യൂ നിൽക്കണമായിരുന്നു. ഞങ്ങൾ എല്ലാവരും എല്ലാ മൃഗങ്ങളെയും കണ്ട് സന്തോഷിച്ചു നടന്നു. രാജവെമ്പാലയെ കണ്ടപ്പോഴാണ് എനിക്ക് അത്ഭുതം തോനിയത് അനാക്കോണ്ടയെയും സിംഹത്തെയും മയിലിനെയും കണ്ടത് ഞാൻ ഒരിക്കലും മറക്കില്ല. അക്വേറിയത്തിലെ കാഴ്ചകളും ഞാൻ ഒരിക്കലും മറക്കാത്ത ഒരു അനുഭവമായി എൻെറ ജീവിതത്തിൽ എന്നും കാണും**

**- സുധീഷ് സുധർശനൻ**

## പ്രാർത്ഥനാഗാനം

ഈശ്വരൻെറ അനുഗ്രഹവചസ്സുകൾ
എന്നെന്നും എൻെ കാതിൽ മുഴകീടണെ...(2)
എൻെ സ്വഭാവവും,എൻെറ പ്രർത്തിയും,എൻെഭാക്ഷയും
നീയല്ലയോ....(2)
ഈശ്വരാ...നിൻെറ കാരുണ്യരശ്മികൾ
എന്നെന്നും ഞങ്ങളിൽ തൂകിടെണേ...
(ഈശ്വരാനിൻെറ) (3)

– ആദിത്യൻ

## കവിതാരചന

### മരണമാകുന്ന സെൽഫികൾ

പലതരം സെൽഫികൾ,പലതരം സെൽഫികൾ,
അവിടെയും ഇവിടെയും,പലതരം സെൽഫികൾ!
ലോകമെമ്പാടും പരക്കുന്ന സെൽഫികൾ,
എപ്പോഴും എവിടെയും , പലതരം സെൽഫികൾ

ജനനത്തിലും സെൽഫി , ണരണത്തിലും സെൽഫി
മനുഷ്യ ഹൃദയങ്ങളിൽ ഇടം പിടിക്കുന്നു!
മരണ പാച്ചിലാകുന്ന സെൽഫികൾ
ഒടുവിൽ ഏവരുടെയും ജീവനെടുത്തീടുന്നു!

-

## കണ്ണീർ തുള്ളിയായി പ്രളയം

കനത്ത മഴ. കാറ്റിൽ മരങ്ങൾ ആടി ഉലയുന്നു. മഴ തോരുന്നതും നോക്കി മിന്നു ഉമ്മറത്തു നോക്കി നിൽക്കുന്നു പെട്ടെന്ന് ഒരു മിന്നൽ അവൾ ഭയന്ന് അമ്മയുടെ അടുക്കലേക്കു പോയി . രാത്രിയായിട്ടും മഴ തോരുന്നില്ല. വീട്ടിൽ അവളും അമ്മയു മാത്രം. അന്ന് രാത്രി അവർ രണ്ടുപേരും ഉറങ്ങീല. പറ്റേദിവസം രാവിലെ വാതിൽ തുറന്ന് നോക്കിയപ്പോൾ അവിടെ കണ്ട കാഴ്ച അവരെ അമ്പരിപ്പിച്ചു . വീടിൻെറ മുറ്റം മുഴുവനും വെള്ളം തങ്ങി നിൽക്കുന്നു. മഴകനത്തു പെയ്യുന്നതിനാൽ വെള്ളം കൂകൊണ്ടിരിക്കുന്നു . അവർക്ക് ഭയമാകുന്നു . കുറേകഴിഞ്ഞപ്പോൾ വീടിനുള്ളിലേക്ക് കയറുന്നു. കുറച്ച് വെള്ളമെ ഉള്ളായതുകൊണ്ട് അത് ഒഴുകി പോകുമെന്ന് കരുതി. മഴയുടെ ശക്തിയാർജിക്കുന്നതോറും വീടിനുള്ളിലേക്ക് വെള്ളം നിറഞ്ഞു. ആവെള്ളത്തിലേക്ക് ഒരുതുള്ളി വെള്ളം ഴീണതുകൊണ്ട് അവൾ അമ്മയുടെ മുഖത്തേക്ക് നോക്കിയപ്പോൾ അമ്മയുടെ കണ്ണിൽ നിന്നും കണ്ണീൽ ഒലിച്ചിറങ്ങുന്നു അവൾ അമ്മയുടെ മാറോട് ചേർന്ന് കിടന്നു. അത്യാവശ്യ സാധനങ്ങളും എടുത്ത് അവർ വീടിൻെറ മുകളിലേക്കുള്ള പടികൾ കയറാൻ തുടങ്ങി . മുകളിലെ നിലയിലെത്തി അവിടിരുന്ന ലാൻഡ്ഫോൺ വഴി പുറം ലോകത്തെ വിവരമറിയിക്കാൻ അമ്മ ശ്രമിച്ചു . പക്ഷേ ശ്രമം പരാജയപ്പെട്ടു . ഒടുവിൽ അവർ ഹെലികോപ്റ്ററിൻ ഭീകരമായ ശബ്ദമാണ് . ശബ്ദം കേട്ടതും അമ്മ ഓടിന്ന് ജനാലകൾ തുറന്ന് അലറി വിളിക്കാൻ തുടങ്ങി . അമ്മയെ കണ്ട ഹെലികോപ്റ്ററിലെ സൈകൾ അവർക്കുവേണ്ടിയുള്ള രക്ഷാ പ്രവർത്തനങ്ങൾ

ആരംഭിച്ചു. ഒടുവിൽ അവരെ രണ്ടുപേരേയും ദുരിതാശ്വാസ ക്യാമ്പിലെത്തിച്ചു . അവർ സൈനികരോടൊപ്പം ദൈവത്തോട് നന്ദി പറഞ്ഞു

(അഞ്ജുമാധവ് 8c)

# തണൽ മരങ്ങൾ തേടി

ഒരിടത്തൊടിടത്ത് രണ്ട് ഇരട്ട സഹോദരൻമാര ജീവിച്ചിരുന്നു. അവരുചെ പേരാണ് ലാസറും,രാസറും . അവർ വിഭിന്ന സ്വഭാവക്കാരായിരുന്നു . സദാസമയവും അവർ തമ്മിൽ കലഹിക്കുമായിരുന്നു . അവരിൽ ആരാണ് കൂടുതൽ ധനികൻ എന്ന് കണ്ടുപിക്കാൻ മത്സരങ്ങൾ നടത്തിയിരുന്നു . ഒരുദിവസം അവർ തമ്മിൽ ഒരു പന്തയം വച്ചു . ഏറ്റവും വലിയ കൊട്ടാരം പോലുള്ള വീടുവയ്ക്കുന്നവനെയാണ് വിജയിയ്യി തിരഞ്ഞെടുക്കുന്നത് . അവർ വീടുപണിക്കുള്ള തയ്യാറെടുപ്പുകളൾ ആരംഭിച്ചു . വലിയ തണൽ മരങ്ങളും പുഴയുമുള്ള പ്രകൃതി സൗന്ദര്യം കവിഞ്ഞൊഴുകിയ സ്ഥലമാണ് ഇരുവരും കണ്ടുപിടിച്ചത് . വീടുപണിക്ക് കൂടുതൽ സ്ഥലം ആവശ്യമായതുകൊണ്ട് അവർ മരങ്ങളെല്ലാം വെട്ടി നശിപ്പിച്ചു . പുഴകളെല്ലാം മണ്ണിട്ടു നിരത്തി . അവിടുത്തെ പ്രകൃതിഭംഗി ഇല്ലാതാക്കി അവർ അവിടം ഒരു തരിശു ഭൂമിയാക്കി ഒരുവർഷം അങ്ങനെ കടന്നുപോയി . വീടുപണി തീർന്നു കൊടടാര തുല്യമായ വലുപ്പവു തുല്ല്യവും ഉള്ള വീട് . പക്ഷേ ഏതാണ് മികച്ചതെന്ന വിധിയിൽ എത്തിച്ചേരാൻ കഴിഞ്ഞില്ല . അതുകൊണ്ട്തന്നെ അവരിലെ മത്സരബുദ്ധി ഇല്ലാതായി . ലാസറും,രാസറും അവരുടെ വീട്ടിൽ താസിക്കാൻ തുടങ്ങി . വേനൽ കാലമെത്തി . ചുട്ടുപൊള്ളുന്ന ചൂട് ,സഹിക്കാനാകുന്നില്ല . അത്രയും ദയനീയമായപ്പോഴാണ് അവർ ചെയ്തതോർത്ത് പശ്ചാതപിക്കുന്നത് . പിന്നെ ഒന്നും ആലോചികക്കാതെ അവർ തണൽ മരങ്ങൾക്കായി അലഞ്ഞു . സ്വാർത്ഥതമൂലം പ്രക്യതിയുടെ മാതൃത്വത്തെയയാണ്

തകർത്തതെന്ന് അവർ മനസിലാക്കി . ഈകഥയിൽനിന്നുതന്ന നമുക്ക് മനസിലാക്കാം സ്വന്തം സ്വാർത്ഥയ്ക്കുവേണ്ടി പ്രകൃതിയെ

നശിപ്പിക്കരുത്. പ്രകൃതി ഒരുനാൾ , തിരിച്ചുപ്രതികരിക്കും . ആ പ്രതികരണത്തെ പിടിച്ചുനിർത്താൻ കഴിയില്ല . പ്രകൃതിയുടെഅത്തരം ഒരു പ്രതികരണമായിരുന്നു കേരളം കണ്ടതിൽ വച്ചതിൽ ഏറ്റവും വലിയ വെള്ളപ്പൊക്കം

by

ആദിത്യാസാഗർ.R.M

കവിത

## ഓമനകുഞ്ഞ്

ആലോലമാലോലമാടുന്ന തൊട്ടിൽ
ആടികളിക്കുന്ന ഓമനകുഞ്ഞെ ...
ആട്ടവുംനിർത്തി ചാട്ടവും നിർത്തി
നീയൊന്നുറങ്ങന്റെ പൊന്നു കുഞ്ഞേ..
നാളെരാവിലെ ഉണർന്നെഴുന്നേറ്റ്
ആടിയും ചാടിയും കളിച്ചീടാം
(ആലോല)

By
vithul

കവിത

## വരിക ശലഭമെ

വരിക വരിക ശലഭമെ

തേൻകുടിച്ച് രസിക്കുവിൻ

പറന്നു പറന്നു കളിക്കുകവിൻ

പാട്ടുപാടി രസിക്കുക

വരിക വരിക ശലഭമെ

വരിക വരിക ശലഭമെ

by

vithul

19

# സർക്കസ്സുകാരൻെറ പട്ടി

ഒരു തെരുവു സർക്കസ്സ് സംഘത്തിലെ നായകനാണ് തിമ്മയ്യ .
സംഘത്തിൽ അയാളൊടൊപ്പം ഭാര്യ മകളുമുണ്ട് .
ജീവിതത്തിൻെറഭാരത്തിൽ നാടുചുറ്റി സർക്കസ്സ് കളിക്കുന്നവർ .
അവരുടെ കൂടെ ഒരു പട്ടിയുണ്ട് .
'വീരൻ'എന്നാണ് അതിൻെറ പേര് . തിമ്മയ വീരനെ സർക്കസ്സ്
വേലകൾ അഭ്യസിപ്പിച്ചു . വളയത്തിൽകൂടി ചാടാനും
ഊഞ്ഞാലാടാനും വീരൻ പഠിച്ചു . സർക്കസ്സ കളിച്ച് വീരൻ
കാണികളുടെ കൈയ്യടി വാങ്ങി .
ചന്തസ്ഥലത്തും ആളുകൾ കൂടുന്നിടത്താണുമാണ് തിമ്മയ
സർക്കസ്സ് കളിച്ചിരുന്നത് . പാത്രംകടിച്ചുപിടിച്ചുകൊണ്ട് ചെന്ന്
വീരൻ  ആളുകളോട് പൈസ
വാങ്ങിയിരുന്നു . സന്ധ്യയോടെ തിമ്മയും കളി അവസാനിപ്പക്കും.
പിന്നെ സങ്കേതത്തിലേക്ക് മടങ്ങും . ഭാര്യയും ഭർത്താവും ഒരുമിച്ച്
ആഹാരം പാകം ചെയ്യും . വീരനു വയറുനിറച്ച് ചോറ് കൊടുക്കും .
തിമ്മയും ഭാര്യയും മക്കളും ആഹാരം കഴിക്കും . പിന്നീട് എല്ലാവരും
കിടന്നുറങ്ങും . വീരനും അടുത്തുതന്നെ കിടക്കും . ഇങ്ങനെ
ദിവസങ്ങൾ കഴിഞ്ഞു .

ഒരു ദവസം ചന്തപ്പടിക്കൽ സർക്കസ് കളിച്ചുകൊണ്ട്
നിന്നപ്പോൾ ഒരുനായാട്ടുകാരൻ സർക്കസ്സുകാണാൻ
വന്നു . അയാളുടെ തോളിൽ ഒരു തോക്കും കയ്യിലൊരു ചത്ത
മുയലും ഉണ്ടായിരുന്നു. അയാൾക്ക് വീരൻെറ
അഭ്യാസങ്ങൾ ഇഷ്ടപ്പെട്ടു . തിമ്മയോ വീരനെ വിലയ്ക്ക് തരുമോ
എന്ന്ചോദിച്ചു തിമ്മയ വീരനെ വിൽക്കാൻ തയ്യാറായില്ല . തിമ്മയും
നായാട്ടുകാരനുമായുള്ള സംസാരം കേട്ടപ്പോൾ വീരൻ ഓർത്തു .

"സർക്കസുകളിച്ച് ചാകാറായി . ആ നായാട്ടുകാരൻെറ കൂടെ ആയിരുന്നെങ്കിൽ സുഖമായിരുന്നു ഇതുപോലെ ദിവസവും കഷ്ടപ്പെടേണ്ടായിരുന്നു നായാട്ടിനു പോയിക്കിട്ടുന്ന മൃഗങ്ങളുടെ എല്ലും തോലും മാംസത്തിൻെറ അവശിഷ്ടങ്ങളും മിന്നാമായിരുന്നു."

അങ്ങനെ ഇരിക്കെ മഴക്കാലം വന്നു . സർക്കസുകളി കുറഞ്ഞു . തിമ്മയ പട്ടിണിയായി . വീരനെ നായാട്ടുകാരനാ വിറ്റു . വീരനുസന്തോഷമായി . നായാട്ടുകാരൻെ കൂടെ പോയ . നായാട്ടുകാരൻ ചോറും ഇറച്ചിയും ഇഷ്ടംപോലെ കൊടുത്തു . കാട്ടിൽ നയാട്ടിനുപോയി . കാടിളക്കി മുയലിനെ ഓട്ടിച്ചു പിടിച്ചു . കഠിനാദ്ധ്വാനം വേണ്ടിവന്നു , മുയലിനെ പിടിക്കാൻ വീരൻ ഓടി ക്ഷീണിച്ചു . വിഷന്നു വലഞ്ഞു . നായാട്ടുകാരൻ കൊണ്ടുവന്നിരുന്ന ഭക്ഷണമെല്ലാം തീർന്നു . ഇനി ആഹാരം കഴിക്കണമെങ്കിൽ വീട്ടിചെച്ചണം . നായാട്ടുകാരൻ താമസിക്കുന്നത് ഒരു ധനികൻെറ വീടിൻെറ അടുത്താണ് . ധനികൻെറ വീടു കണ്ടപ്പോൾ വീരൻ ഓർത്തുനായയായി ജീവിക്കാൻ കഴിഞ്ഞിരുന്നെങ്കിൽ എത്ര ഭാഗ്യവാനായിരുന്നു .അങ്ങനെ ഇരിക്കെ സർക്കസ്സ് അറിയാവുന്ന ഒരു പട്ടി നായാട്ടുക്കാരൻെറ വീട്ടിലുണ്ടെന്ന് ധനികൻ അറിഞ്ഞു അയാൾ നായാട്ടുക്കാരനോട് പട്ടിയെ വിലയ്ക്ക് തരുമോ എന്ന് ചോദിച്ചു.

വീരനെ നായാട്ടുകാരൻ ധനികനുവിറ്റു.വീരനു സന്തോഷമായി . വീരൻ ധനികൻെറ വീട്ടിൽ ചെന്നു . ധനികൻ വീരന് പാലും മുട്ടയും കൊടുത്തു . പട്ടിക്കൂട്ടിൽ കയറ്റി കൂടടച്ചു പുറത്തുകടക്കാൻ സ്വാതന്ത്ര്യമുണ്ടായിരുന്നില്ല . പുറത്തുകടന്നാൽ വിളിക്കുമ്പോൾ ഓടിവന്ന് കൂട്ടിൽ കയറണം .അല്ലങ്കിൽ നല്ല അടി കിട്ടും.അടികൊണ്ട് പുറം പൊളിയും.സ്നേഹമുള്ള ഒരു വാക്കുപോലും പറയുകയില്ല.

വീരൻ സങ്കടം കൊണ്ടുകരഞ്ഞു.അപ്പോൾ അവൻ ഒർത്തു.

“സർക്കസ്സുക്കാരൻെറ കൂടെയുള്ള ജീവിതമായിരുന്നു സുഖം.സർക്കസ്സുകാരൻ എത്ര സ്നേഹമുള്ളവനായിരുന്നു.തന്നെ അടുത്തു കിടത്തികൊണ്ടാണ് സർക്കസുക്കാരൻ ഉറങ്ങിയിരുന്നത്. ഇനി ആ കഥയെല്ലാം ഒർത്തിട്ട് എന്തു കാര്യം?

വീരൻ തലയും താഴ്ത്തി കൂട്ടിൽ കിടന്നു "ഇക്കര നിൽക്കുമ്പോൾ അക്കരപ്പച്ച എന്നാണല്ലോ പഴമൊഴി”.

# എന്റെ നാടിന്റെ സവിശേഷതകൾ

കഥകളിയുടെ നാട്

വയലേലകളുടെ നാട് — എന്റെ നാട് — നദികളുടെനാട്

മരതകപട്ടുടുത്ത നാട്

- വൈഷ്ണവ്

# നാടിൻെറ സൗന്ദര്യം



പുല്ലരപ്പ്.
മനോഹരമായ നീല തടാകം
നീന്തിതുടിക്കുന്ന അരയന്നകൾ
വെള്ളാമ്പലുകളും ചെന്താമ്പരകളും

- ഹരി

-

# വൃക്ഷക്കൊമ്പിലെ തത്ത



# തേങ്ങൽ

സ്വന്തമല്ലൊന്നും ആർക്കുമീ ഭൂമിയിൽ
മർത്യനെ ഉരുനാക്കിയ മണ്ണ് പോലും
സ്വന്തമല്ലന്ന് അറിഞ്ഞിടുക .


ഭയന്നു വിറച്ചും പ്രകൃതിയെ വണങ്ങിയ
മർത്യനിന്നിതാ പ്രകൃതിതൻ
അധിപതിയായിരുന്നു .

എല്ലാത്തിനെയും വശത്തിലാക്കിടുവാൻ
മർത്ത്യൻെറ കരങ്ങൾക്കു സാധ്യമിന്ന് .
പ്രകൃതിയെ സ്നേഹിച്ചും ദ്രോഹിച്ചുമിന്നിതാ
മർത്യൻ ഊഴിയിൽ വിലസിടുന്നു.

ഓർക്കുക നാം....
സകലവും പ്രകൃതിയിൽ നിന്ന് ഉത്ഭവിച്ച
സകലവും പ്രകൃതിയിൽ അവസാനിക്കുന്നുമണ്ണിൽ
തുടങ്ങിയ ജീവൻ
മണ്ണിലായി തന്നെ ചേർന്നീടുന്നു.
അന്നുതൻ ദേഹവും ദേഹിയും
കണ്ണും കരങ്ങളും സാക്ഷികളായി തീർന്നിടുന്നു

By
ശാലിനി.എസ്

# PROTECT TREES



# BOAT RACE OF KERALA

